**<u>15 -ാം കേരള നിയമസഭ</u>**

**<u>2 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1334</u>** **<u>27-07-2021 - ൽ മറുപടിയ്ക്ക്</u>**

**<u>മീറ്റ് പ്രോഡക്ട് ഓഫ് ഇന്ത്യയിലെ നിയമനങ്ങൾ</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | **Smt J Chinchurani**<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | കൂത്താട്ടുകുളത്ത് പ്രവർത്തിക്കുന്ന മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ എന്ന പൊതുമേഖലാ സ്ഥാപനത്തിൽ നാളിതുവരെ എത്ര നിയമനങ്ങൾ നടത്തിയിട്ടുണ്ട്; തസ്തിക തിരിച്ച് വിശദമാക്കാമോ; | (എ) | മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യയിൽ 15-10-99 -ലെ ജി.ഒ (എം.എസ്) നം.296/99/എ.ഡി പ്രകാരമാണ് തസ്തികകൾ നിശ്ചയിച്ച് നിയമ നത്തിനുള്ള റൂൾ ഉണ്ടാക്കിയത്. കമ്പനിയ്ക്ക് ഇപ്പോൾ നിലവിലുള്ള 80 തസ്തികകൾ അംഗീകരിച്ചത് ജി.ഒ (എം.എസ്) നം.136/15/ എ.ഡി തീയതി 17.8.2015 പ്രകാര മാണ്. ഈ തസ്തികകളിലെ നിയമനങ്ങൾ, നിയമനരീതി,ഇപ്പോഴുള്ള വേക്കൻസി എന്നിവ അടങ്ങിയ സ്റ്റേറ്റ്മെന്റ് അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | പ്രസ്തുത സ്ഥാപനത്തിലെ ജീവനക്കാരെ നിയമിച്ചത് പി.എസ്.സി./എംപ്ലോയ്മെന്റ്/കരാർ/ഡെപ്യൂട്ടേഷൻ വ്യവസ്ഥകൾ പ്രകാരമായിരുന്നോ; വിശദമാക്കാമോ; | (ബി) | മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യയിലെ ജീവനക്കാരെ നിയമിക്കുന്നത് പി.എസ്.സി./ എംപ്ലോയ്മെന്റ്/ കരാർ/ഡെപ്യൂട്ടേഷൻ വ്യവസ്ഥകൾ - പ്രകാരമാണ്. സ്പെഷ്യൽ റൂൾ പ്രകാരം പി.എസ്.സി യ്ക്ക് വിട്ട തസ്തികകളിൽ നിയമനം നടത്തുന്നതി നായി പി.എസ്.സിയ്ക്ക് റിക്വസിഷൻ നൽകി യിട്ടുണ്ട്. നാളിതുവരെ നിയമനത്തിനുള്ള ഉദ്യോഗാർത്ഥികളെ അഡ്വൈസ് ചെയ്തിട്ടില്ല. ഇതിലുപരി കശാപ്പും അനുബന്ധ ജോലികളും ചെയ്യാൻ പുതിയ പ്ലാന്റിലേക്ക് Employment Exchange-ൽ നിന്നും, പത്രപ്പരസ്യവും വഴി ലഭിച്ച അപേക്ഷകരിൽ നിന്നും ഇന്റർവ്യൂ നടത്തി ദിവസക്കൂലി അടിസ്ഥാനത്തിൽ ഓരോ ദിവസവും ആവശ്യം വരുന്നവരെ നിയമിച്ചു വരുന്നു. കൂടാതെ പരിസരവാസി കളായ 12 സ്ത്രീ തൊഴിലാളികളെ പാക്കിംഗ് ജോലിക്കായി ദിവസക്കൂലി വ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ട്. |
| (സി) | ഒഴിവുകൾ സംബന്ധിച്ച പരസ്യം ഏതെല്ലാം പത്രങ്ങളിലാണ് നൽകിയിരുന്നത്; വിശദമാക്കാമോ; | (സി) | മലയാള മനോരമ അടക്കമുള്ള പ്രധാന പത്രങ്ങളിൽ ഒഴിവുകൾ സംബന്ധിച്ച പരസ്യം നൽകിയിട്ടുണ്ട്. |
| (ഡി) | ഇപ്പോൾ നിയമനം ലഭിച്ചവർ മുൻപ് ഈ സ്ഥാപനത്തിൽ ജോലി ചെയ്തിട്ടുണ്ടോ; തസ്തിക തിരിച്ച് വ്യക്തമാക്കാമോ? | (ഡി) | ഉണ്ട്. മുൻപ് ജോലി ചെയ്തിരുന്നത് ഇപ്പോൾ ജോലി ചെയ്യുന്ന തസ്തിക ------------------------------ ---------------------------------- മാനേജ്മെന്റ് ട്രയിനി |

| | | | |
|---|---|---|---|
| | | | (മാർക്കറ്റിങ്ങ്) (1 വർഷം) അസി.മാനേജർ (മാർക്കറ്റിങ്ങ്) മാനേജ്മെന്റ് ട്രയിനി (മാർക്കറ്റിങ്ങ്) (2 വർഷം) സൂപ്പർവൈസർ (കൊമേഴ്സ്) മാനേജ്മെന്റ് ട്രയിനി (പ്രൊഡക്ഷൻ) (6.5 വർഷം) അസി.മാനേജർ (പ്രൊഡക്ഷൻ) മെക്കാനിക്കൽ എൻജിനീയറിംഗ് ട്രയിനി (3 വർഷം) അസി.എൻജിനീയർ മാനേജ്മെന്റ് ട്രയിനി (മാർക്കറ്റിങ്ങ്) (5 വർഷം സെയിൽസ് എക്സിക്യൂട്ടീവ് |

സെക്ഷൻ ഓഫീസർ

അനുബന്ധം

---

## I. മീറ്റ് പ്രൊഡക്ട്സ് ഓഫ് ഇൻഡ്യ ലിമിറ്റഡ് - പഴയ ഫാക്ടറിയും ഓഫീസും

## സർക്കാർ അനുവദിച്ചിട്ടുള്ള തസ്തികകൾ -80

## ജി.ഒ.(എം.എസ്.)നം.136/15/എ.ഡി. തീയതി 17.08.2015

| ക്രമ നം. | തസ്തിക | എണ്ണം | നിയമനം നടത്തിയത് | നിയമനം നടത്തിയ തീയതി | നിയമന രീതി | വേക്കൻസി | റിമാർക്ക് |
|---|---|---|---|---|---|---|---|
| 1 | മാനേജിങ്ങ് ഡയറക്ടർ | 1 | 1 | 21.12.2016 | ഡെപ്യൂട്ടേഷൻ | 0 | - |
| 2 | ജനറൽ മാനേജർ | 1 | 0 | - | പ്രൊമോഷൻ-യോഗ്യതയും പരിചയവും ഉള്ളവർ ഇല്ലെങ്കിൽ നേരിട്ട് (എംപ്ലോയ്മെന്റ് എക്സ് ചേഞ്ച്/പത്രപരസ്യം) | 1 | 11.5.21-വരെ ചാർജ് അറേഞ്ച് മെന്റ് ആയിരുന്നു |
| 3 | മാനേജർ (ഫിനാൻസ്) | 1 | 1 | 12.6.08 | നേരിട്ട് (എംപ്ലോയ്മെന്റ് എക്സ് ചേഞ്ച്/പത്രപരസ്യം) | 0 | സസ്പെൻഷനിൽ ആണ്. |
| 4 | മാനേജർ (അഡ്മിനിസ്ട്രേഷൻ) | 1 | 0 | - | നേരിട്ട് (എംപ്ലോയ്മെന്റ് എക്സ് ചേഞ്ച്/പത്രപരസ്യം) | 1 | |

2

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | | |
| 5 | **മാനേജർ (പ്രൊഡക്ഷൻ)** | 1 | 0 | - | പ്രൊമോഷൻ-യോഗ്യതയും പരിചയവും ഉള്ളവർ ഇല്ലെങ്കിൽ നേരിട്ട് (എംപ്ളോയ്മെന്റ് എക്സ് ചേഞ്ച്/പത്രപരസ്യം) | 1 | 17.5.21-മുതൽ ചാർജ് അറേഞ്ച്മെന്റ് |
| 6 | **അസിസ്റ്റന്റ് എൻജിനീയർ** | 1 | 1 | 5.11.04 | നേരിട്ട് (എംപ്ളോയ്മെന്റ് എക്സ് ചേഞ്ച്/പത്രപരസ്യം) | 0 | ഈ തസ്തികയിൽ പത്രപരസ്യം വഴി കിട്ടിയ അപേക്ഷകളിൽ നിന്നാണ് നിയമനം നടത്തിയിട്ടുള്ളത്. പത്രങ്ങൾ - ഇൻഡ്യൻ എക്സ്പ്രസ്, മാതൃഭൂമി |
| 7 | **അസി. മാനേജർ (വെറ്ററിനറി)** | 2 | 2 | 21.6.12<br>7.1.13 | നേരിട്ട് (എംപ്ളോയ്മെന്റ് എക്സ് ചേഞ്ച്/പത്രപരസ്യം)<br>" | 0 | ഈ 2 തസ്തികകളി ലേക്ക് കമ്പനിയുടെ വെബ്സൈറ്റിലും മലയാള മനോരമ, ഹിന്ദു തുടങ്ങിയ പത്ര ങ്ങളിലും നൽകിയ പര സ്യങ്ങൾ വഴി ലഭിച്ച അപേക്ഷകളിൽ നിന്നാണ് നിയമനം നടത്തി യിട്ടുള്ളത്. |
| 8 | **അസി. മാനേജർ (മാർക്കറ്റിങ്ങ്)** | 1 | 1 | 30.12.05 | പ്രൊമോഷൻ-യോഗ്യതയും പരിചയവും ഉള്ളവർ സൂപ്പർവൈ | 0 | നിലവിലുള്ള ആളിനെ പത്ര പരസ്യം വഴി ലഭിച്ച അപേക്ഷ |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | സർ (കൊമേഴ്സ്) തസ്തികയിൽ ഇല്ലെങ്കിൽ നേരിട്ട് (എംപ്ളോയ്മെന്റ് എക്സ്ചേഞ്ച്/പത്രപരസ്യം) | | കളിൽ നിന്നാണ് നിയമിച്ചിട്ടുള്ളത്. പത്രങ്ങൾ - കേരള കൗമുദി, ന്യൂ ഇൻഡ്യ എക്സ്പ്രസ്സ്, മാതൃഭൂമി |
| 9 | **സൂപ്പർവൈസർ (പ്രൊഡക്ഷൻ)** | 4 | 4 | 21.1.19<br>30.6.20<br>6.1.21<br>8.1.21 | പ്രൊമോഷൻ-യോഗ്യതയും പരിചയവും ഉള്ളവർ അസി. (പ്രൊഡക്ഷൻ) തസ്തികയിൽഇല്ലെങ്കിൽ നേരിട്ട് (എംപ്ളോയ്മെന്റ് എക്സ്ചേഞ്ച്/പത്രപരസ്യം) | 0 | നിലവിലുള്ളവർ പ്രൊമോഷൻ വഴി നിയമിക്കപ്പെട്ടവരാണ്. |
| 10 | **സൂപ്പർവൈസർ (കൊമേഴ്സ്/സെയിൽസ്)** | 2 | 2 | 26.11.14<br>1.12.2015 | പ്രൊമോഷൻ-യോഗ്യതയും പരിചയവും ഉള്ളവർ അസി. (കൊമേഴ്സ്) തസ്തികയിൽഇല്ലെങ്കിൽ നേരിട്ട് (എംപ്ളോയ്മെന്റ് എക്സ്ചേഞ്ച്/പത്രപരസ്യം) | 0 | ഒരു തസ്തിക എംപ്ളോയ്മെന്റ് എക്സ്ചേഞ്ച് വഴി. ഒരു തസ്തികയിൽ മാർക്കറ്റിങ്ങ് ട്രയിനിയുടെ അപേക്ഷ പരിഗണിച്ച് ഡയറക്ടർ ബോർഡ് തീരുമാനപ്രകാരം നിയമനം നടത്തി. |

| | | | | | | | |
|---|---|---|---|---|---|---|---|
| 11 | **മെഷീൻ ഓപ്പറേറ്റർ** | 4 | 2 | 11.5.12 | പ്രൊമോഷൻ-യോഗ്യതയും പരിചയവും ഉള്ളവർ അസി. (മെഷീൻഷോപ്പ്) തസ്തികയിൽ ഇല്ലെങ്കിൽ നേരിട്ട് (എംപ്ളോയ്മെന്റ് എക്സ്ചേഞ്ച്/പത്രപരസ്യം) | 2 | ഒരു തസ്തിക എംപ്ളോയ്മെന്റ് എക്സ്ചേഞ്ച് വഴി ഒരു തസ്തിക പത്രപരസ്യം വഴി<br>പത്രങ്ങൾ - കേരള കൗമുദി, ന്യൂ ഇൻഡ്യൻ എക്സ്പ്രസ്സ് |
| 12 | **അസി.(കൊമേഴ്സ്/ സെയിൽസ്** | 2 | 0 | – | സർവ്വീസിലുള്ള പ്രൊഡക്ഷൻ അസിസ്റ്റന്റുകളുടെ ഓപ്ഷൻ അനുസരിച്ചുള്ള തസ്തികമാറ്റം. ഓപ്ഷൻ ലഭ്യമല്ലെങ്കിൽ നേരിട്ടുള്ള നിയമനം (എംപ്ളോയ്മെന്റ് എക്സ്ചേഞ്ച്/പത്രപരസ്യം) | 2 | |
| 13 | **അസി.(പ്രൊഡക്ഷൻ) ഗ്രേഡ്-II** | 18 | 3 | 23.6.12<br>1.7.13<br>7.7.21 | നേരിട്ട് (എംപ്ളോയ്മെന്റ് എക്സ്ചേഞ്ച്/പത്രപരസ്യം) | 15 നിയമനങ്ങൾ നടത്തിയത് എംപ്ളോയ്മെന്റ് എക്സ്ചേഞ്ചു വ | ഒരാൾ എംപ്ളോയ്മെന്റ് എക്സ്ചേഞ്ച് വഴി (23.6.12)<br>1.7.13-ൽ ഒരാൾ ഡൈ-ഇൻ-ഹാർനെസ്സ് പ്രകാരം<br>7.7.21-ൽ ഒരാൾ ഡൈ-ഇൻ-ഹാർനെസ്സ് പ്രകാരം |

| | | | | | | | |
|---|---|---|---|---|---|---|---|
| 14 | **അസി.(പ്രൊഡക്ഷൻ) ഗ്രേഡ്-I** | 31 | 1 | 25.7.12 | അസി.ഗ്രേഡ്-II യിൽ 10 വർഷം എം.പി.ഐ.യിൽ സർവ്വീസ് പൂർത്തി ആയവർക്ക് പ്രൊമോഷൻ. അല്ലാത്തപക്ഷം നേരിട്ട് നിയമനം നടത്തും. (എംപ്ളോയ്മെന്റ് എക്സ്ചേഞ്ച്/ പത്രപരസ്യം വഴി) | 30 | ഒഴിവുള്ള തസ്തിക എംപ്ളോയ്മെന്റ് എക്സ്ചേഞ്ചിൽ റിപ്പോർട്ടു ചെയ്തു. ഒപ്പം പത്രപരസ്യവും നൽകിയിട്ടുണ്ട്. എന്നാൽ വേണ്ടത്ര അപേക്ഷകൾ ലഭിക്കാത്തതിനാൽ വീണ്ടും കൂടുതൽ പത്രങ്ങളിൽ പരസ്യം കൊടുക്കുന്നതാണ്. |
| 15 | **അസി.മെഷീൻ ഷോപ്പ്** | 2 | 1 | 25.10.12 | നേരിട്ട് (എംപ്ളോയ്മെന്റ്/ പത്രപരസ്യം) | 1 | ഒരു തസ്തിക പത്രപരസ്യംവഴി ലഭിച്ച അപേക്ഷകളിൽനിന്ന് നിയമനം നടത്തി. പത്രങ്ങൾ - മലയാള മനോരമ, ന്യൂ ഇൻഡ്യൻ എക്സ്പ്രസ്സ്. |
| 16 | **സ്റ്റെനോഗ്രാഫർ** | 1 | 1 | 5.5.13 | പി.എസ്.സി. വഴി (സ്പെഷ്യൽ റൂൾ വന്നതിനുശേഷം) | 0 | ഒരാളെ എംപ്ളോയ്മെന്റ് എക്സ്ചേഞ്ചു വഴി സ്പെഷ്യൽ റൂൾ വരുന്നതിനു മുൻപ് നിയമിച്ചു. (ഫിസിക്കലി ഹാൻഡിക്യാപ്ഡ്) |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | | | | | ഴിയുംപത്രപരസ്യം വഴിയും ലഭിച്ച അപേക്ഷകളിൽ നിന്ന് ചുരുക്കപട്ടിക ഉണ്ടാക്കിയിട്ടുണ്ട് കൂടികാഴ്ചയ്ക്കുള്ള തീയതി കോവിഡ് കാരണം നിശ്ചയിച്ചിട്ടില്ല. | |

| | | | | | | | |
|---|---|---|---|---|---|---|---|
| 17 | ഫിനാൻസ് അസിസ്റ്റന്റ് | 1 | 0 | - | പി.എസ്.സി. വഴി (സ്പെഷ്യൽ റൂൾ വന്നതിനുശേഷം) | 1 | തസ്തിക പി.എസ്.സി സ്പെഷ്യൽ റൂൾ അംഗീകാരം 3.8.18. ജി.ഒ. (എം.എസ്.)നം24/2018/എ.എച്ച്.ഡി. പ്രകാരം ഉത്തരവായി. ഇതനുസരിച്ച് ഈ തസ്തിക പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്തിട്ടും നിയമനത്തിനുള്ള അഡ്വൈസ് ലഭ്യമായിട്ടില്ല. ഈ സാഹചര്യത്തിൽ ഒരാളെ താൽക്കാലികമായി നിയമിച്ചിട്ടുണ്ട്. |
| 18 | ടൈപ്പിസ്റ്റ് ക്ളർക്ക് | 2 | 1 | 23.9.05 | പി.എസ്.സി. വഴി (സ്പെഷ്യൽ റൂൾ വന്നതിനുശേഷം) | 1 | ഡൈ-ഇൻ-ഹാർനെസ്സ് വഴി നിയമിച്ചു. ഒഴിവു വന്ന ഒരു വേക്കൻസി പി.എസ്.സി. ക്കു റിപ്പോർട്ടു ചെയ്തിട്ടുണ്ട്. |
| 19 | ലബോറട്ടറി ടെക്നീഷ്യൻ | 1 | 0 | - | പി.എസ്.സി.വഴി (സ്പെഷ്യൽ റൂൾ വന്നതിനുശേഷം) | 1 | 1 തസ്തിക പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിയമന അഡ്വൈസ് ലഭ്യമായിട്ടില്ല. |

| | | | | | | | |
|---|---|---|---|---|---|---|---|
| 20 | **ഇലക്ട്രീഷ്യൻ** | 1 | 1 | 17.11.95 | പി.എസ്.സി. (സ്പെഷ്യൽ റൂൾ വന്നതിനുശേഷം) | 0 | ഒരാളെ എംപ്ളോയ്മെന്റ് എക്സ്ചേഞ്ചു വഴി സ്പെഷ്യൽ റൂൾ വരുന്നതിനുമുൻപ് നിയമിച്ചു. |
| 21 | **പ്യൂൺ** | 1 | 1 | 1.6.16 | പി.എസ്.സി. (സ്പെഷ്യൽ റൂൾ വന്നതിനുശേഷം) | 0 | ഒരാളെ ഡൈ-ഇൻ-ഹാർഡ്നെസ് വഴി നിയമിച്ചു |
| 22 | **പ്രൊഡക്ഷൻ എൻജിനീയർ** | 1 | 1 | 3.12.12 | നേരിട്ട് (എംപ്ളോയ്മെന്റ്/ പത്രപരസ്യം) | 0 | ഒരാളെ പത്രപരസ്യം വഴി നിയമിച്ചിട്ടുണ്ട്. പത്രങ്ങൾ - മനോരമ, ന്യൂഇൻഡ്യൻ എക്സ്പ്രസ്സ് ടെക്നിക്കൽ അസി. ടു എം.ഡി. എന്ന തസ്തികആണ് പ്രൊഡക്ഷൻ എൻജിനീയർ എന്ന് പുനർനാമകരണം ചെയ്തത്. |

* 23.10.13-ൽ അന്ന് നിലവിലുണ്ടായിരുന്ന ബോയിലർ ഓപ്പറേറ്റർ തസ്തികയിൽ എംപ്ളോയ്മെന്റ് എക്സ്ചേഞ്ചുവഴി ഒരാളെ നിയമിച്ചിരുന്നു. എന്നാൽ 17.8.15-ൽ സർക്കാർ ഉത്തരവിൽ ഈ തസ്തിക വിട്ടുപോയിട്ടുണ്ട്. ഈ തസ്തിക അനുവദിച്ചുതരണമെന്ന് സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുള്ളതാണ്.

II.

## ഹൈടെക് സ്ളോട്ടർ ഹൗസ്, ഇടയാർ (പുതിയ യൂണിറ്റ്)

**ജി.ഒ.(എം.എസ്.)നം.1/2021/എ.എച്ച്.ഡി. തീയതി 18.01.2021**

| ക്രമ നം. | തസ്തിക | എണ്ണം | നിയമനം നടത്തിയത് | നിയമനം നടത്തിയ തീയതി | നിയമന രീതി | വേക്കൻസി | റിമാർക്ക് |
|---|---|---|---|---|---|---|---|
| 1 | സെക്രട്ടറി & കൺട്രോളർ ഓഫ് ഫിനാൻസ് & അക്കൗണ്ട്സ് | 1 | 0 | - | നേരിട്ട് (എംപ്ളോയ്മെന്റ് എക്സ്ചേഞ്ച് / പത്രപരസ്യം) | 1 | പ്രൊഫഷണൽ & എക്സിക്യൂട്ടീവ് എംപ്ളോയ്മെന്റ് എക്സ്ചേഞ്ചിൽ റിപ്പോർട്ടു ചെയ്ത പ്രകാരം നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുണ്ട്. ഇതോടൊപ്പം ജനയുഗം പത്രത്തിൽ പരസ്യം ചെയ്തെങ്കിലും നിശ്ചിത യോഗ്യതയും പരിചയവും ഉള്ള ഉദ്യോഗാർത്ഥികൾ അപേക്ഷിച്ചതായി കാണുന്നില്ല. ആയതിനാൽ ഇത് ഒന്നിൽ കൂടുതൽ പത്രങ്ങളിൽ പരസ്യം ചെയ്യുന്നതാണ്. |

| | | | | | | | |
|---|---|---|---|---|---|---|---|
| 2 | അസി. മാനേജർ (പ്രൊഡക്ഷൻ) | 2 | 1 | 19.2.21 | നേരിട്ട് (എംപ്ലോയ്മെന്റ് എക്സ് ചേഞ്ച് / പത്രപരസ്യം) | 1 | ഒരു തസ്തിക എംപ്ലോയമെന്റ് എക്സ്ചേഞ്ചിൽനിന്നും ലഭിച്ച അപേക്ഷകളിൽനിന്നും നിയമിച്ചു. |
| 3 | അസിസ്റ്റന്റ് എൻജിനീയർ | 1 | 1 | 19.2.21 | നേരിട്ട് (എംപ്ലോയ്മെന്റ് എക്സ് ചേഞ്ച് / പത്രപരസ്യം) | 0 | ഒരു തസ്തിക എംപ്ലോയമെന്റ് എക്സ്ചേഞ്ചിൽനിന്നും ലഭിച്ച അപേക്ഷകളിൽനിന്നും നിയമിച്ചു. |
| 4 | സൂഷർവൈസർ (കൊമേഴ്സ്) | 1 | 0 | – | പ്രൊമോഷൻ - അസി.കൊമേഴ്സ് തസ്തികയിൽ ഉള്ള പ്രൊമോഷൻ അല്ലെങ്കിൽ നേരിട്ട് (എംപ്ലോയ്മെന്റ് എക്സ് ചേഞ്ച് / പത്രപരസ്യം) | 1 | സർവ്വീസിൽ ഉണ്ടായിരുന്ന ഒരു അസി. കൊമേഴ്സിനു 1.2.21 മുതൽ പ്രൊമോഷൻ നൽകി നിയമിച്ചു. എന്നാൽ പ്രസ്തുത വ്യക്തി 25.5.21 തീയതിയിൽ സർവ്വീസിൽനിന്ന് വിരമിച്ചു. തുടർന്ന് ഈ തസ്തികയിൽ വേക്കൻസി ഉണ്ടായി. ഇനിയും പ്രൊമോഷൻ അർഹതയുള്ളവർ നിലവിൽ സർവ്വീസിൽ ഇല്ല. |

| | | | | | | | |
|---|---|---|---|---|---|---|---|
| 5 | സെയിൽസ് അസിസ്റ്റന്റ് | 1 | 0 | – | നേരിട്ട് (എംപ്ളോയ്മെന്റ് എക്സ് ചേഞ്ച് / പത്രപരസ്യം) | 1 | – |
| 6 | സെയിൽസ് എക്സിക്യൂട്ടീവ് | 2 | 1 | 7.6.21 | നേരിട്ട് (എംപ്ളോയ്മെന്റ് എക്സ് ചേഞ്ച് / പത്രപരസ്യം) | 1 | എംപ്ളോയ്മെന്റ് എക്സ്ചേഞ്ചുവഴിയും പത്രപരസ്യം വഴിയും (ജനയുഗം) ലഭിച്ച അപേക്ഷയിൽനിന്നും ഒരാളെ നിയമിച്ചിട്ടുണ്ട്. |
| 7 | പ്രൊഡക്ഷൻ വർക്കേഴ്സ് | 25 | 0 | – | നേരിട്ട് (എംപ്ളോയ്മെന്റ് എക്സ് ചേഞ്ച് / പത്രപരസ്യം) | 25 | – |
| 8 | ലാബ് ടെക്നീഷ്യൻ | 1 | 0 | – | പി.എസ്.സി.വഴി | 1 | തസ്തിക പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. |
| 9 | മെഷീൻ ഓപ്പറേറ്റർ | 2 | – | – | നേരിട്ട് (എംപ്ളോയ്മെന്റ് എക്സ് ചേഞ്ച് / പത്രപരസ്യം) | 2 | – |
| 10 | അസി.മെഷീൻ ഷോപ്പ് | 2 | 0 | – | നേരിട്ട് (എംപ്ളോയ്മെന്റ് എക്സ് ചേഞ്ച് / പത്രപരസ്യം) | 2 | – |
| 11 | ക്വാളിറ്റി കൺട്രോളർ | 2 | 0 | – | നേരിട്ട് (എംപ്ളോയ്മെന്റ് എക്സ് ചേഞ്ച് / പത്രപരസ്യം) | 2 | – |

* 1) പുതിയ പ്ളാന്റിന്റെ പ്രവർത്തനത്തിനായി കശാപ്പുംഅനുബന്ധജോലികളും ചെയ്യുന്നതിനുവേണ്ടി 2017-ൽ എംപ്ളോയ്മെന്റ്എക്സ്ചേഞ്ചു വഴിയും പത്രപരസ്യം വഴിയും (മലയാളമനോരമ) ദിവസവേതനക്കാരെ നിയമിക്കാൻ അപേക്ഷ ക്ഷണിക്കുകയും അതിനായി ഉണ്ടാക്കിയ റാങ്ക്ലിസ്റ്റിൽനിന്ന് കമ്പനിക്ക് ദൈനംദിനം പ്രവർത്തനാവശ്യം വരുന്ന തൊഴിലാളികളെ റൊട്ടേഷൻ അടിസ്ഥാനത്തിൽ ജോലി ചെയ്യിക്കുന്നുണ്ട്. ഇപ്പോൾ ഈ ലിസ്റ്റിൽ 54 പേരുണ്ട്. ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന കാരണത്താൽ ഇവർക്ക് സ്ഥിരനിയമനം നൽകാൻ വ്യവസ്ഥ ഇല്ല.

2) പാക്കിങ്ങ് ജോലികൾക്കായി പരിസരവാസികളായ 12 സ്ത്രീ തൊഴിലാളികളെ ദിവസക്കൂലി വ്യവസ്ഥയിൽ ജോലി ചെയ്യിക്കുന്നു.